# പതിനഞ്ചാം കേരള നിയമസഭ

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
## (2023-26)

...19-ാമത്......റിപ്പോർട്ട്

(2024 ഫെബ്രുവരി......20...... തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2024

# പതിനഞ്ചാം കേരള നിയമസഭ

## പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
## (2023-26)

**........19-ാമത്..........റിപ്പോർട്ട്**

**കേരള സ്റ്റേറ്റ് ബിവറേജസ് (എം.&എം) കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി(2019-21)യുടെ 114-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്**

## ഉള്ളടക്കം

*പേജ്*


സമിതിയുടെ ഘടന ..

ആമുഖം ..

റിപ്പോർട്ട് ..

സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അഭിപ്രായക്കുറിപ്പോടുകൂടി അംഗീകരിച്ചതുമായ മറുപടികൾ ..

# പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26)

## ഘടന

**ചെയർമാൻ :**

ശ്രീ. ഇ. ചന്ദ്രശേഖരൻ

**അംഗങ്ങൾ :**

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ *

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ഷാജി സി ബേബി, സെക്രട്ടറി ഇൻ ചാർജ്

ശ്രീ. ആർ. വേണുഗോപാൽ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

* ശ്രീ. കെ. ബി. ഗണേഷ് കുമാർ ഗതാഗത വകുപ്പ് മന്ത്രിയായതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് 16.01.2024 മുതൽ

# ആമുഖം

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023-26)യുടെ അദ്ധ്യക്ഷനായ ഞാൻ, കേരള സ്റ്റേറ്റ് ബിവറേജസ് (എം.&എം) കോർപ്പറേഷൻ ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി(2019-21)യുടെ 114-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയ ..........19-ാമത്..........-ാമത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള, സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 16.08.2022 ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിച്ചു.

സമിതി(2021-23)യുടെ 26.08.2023-ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടിപത്രിക പരിഗണിക്കുന്ന വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്ക് സമിതി നന്ദി അറിയിക്കുന്നു.

ഇ.ചന്ദ്രശേഖരൻ
ചെയർമാൻ,
പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം,
01...02...2024

## റിപ്പോർട്ട്

കേരള സ്റ്റേറ്റ് ബിവറേജസ് (എം.&എം) കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-21)യുടെ 114-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2019-21)യുടെ നൂറ്റി പതിനാലാമത് റിപ്പോർട്ട് 2021 ജനുവരി 18-ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ നാല് ശിപാർശകളാണ് ഉൾപ്പെട്ടിരുന്നത്. എല്ലാ ശിപാർശകളിന്മേലും സർക്കാർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതി(2021-23)യുടെ 16.08.2022-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും പൊതു അഭിപ്രായക്കുറിപ്പോടുകൂടി അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയും സമിതിയുടെ പൊതുഅഭിപ്രായക്കുറിപ്പും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

## സമിതിയുടെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അഭിപ്രായക്കുറിപ്പോടുകൂടി അംഗീകരിച്ചതുമായ മറുപടികൾ

| ക്രമ നം. | ഖണ്ഡിക നം. | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ | നടപടി റിപ്പോർട്ട് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 1 | നികുതി വകുപ്പ് | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പന നികുതിയിന്മേൽ 2012 ജൂലൈ 28-ലെ സർക്കാർ ഉത്തരവ് പ്രകാരം ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനായി മദ്യത്തിന്റെ പരമാവധി ചില്ലറ വില്പനവില (എം.ആർ.പി) പുതുക്കുന്നതിൽ കമ്പനി കാലതാമസം വരുത്തിയത് മൂലം ₹2.10 കോടി മെഡിക്കൽ സെസ്സ്, ₹0.42 കോടി പലിശ സഹിതം ₹2.52 കോടി കമ്പനിക്ക് അതിന്റെ ലാഭവിഹിതത്തിൽ നിന്ന് സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടിവന്നത് കമ്പനിയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ കൃത്യ വിലോപമാണെന്ന് സമിതി വിലയിരുത്തുന്നു. | മദ്യത്തിന്റെ വിൽപനയിൽ ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഈടാക്കുന്നത് 27/07/2012-ൽ കേരള ധനകാര്യ ആക്ടിന്റെ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നത് വരെ വൈകാൻ കാരണം 2012 ജൂൺ 20-ലെ സർക്കാർ ഉത്തരവ് കമ്പനിയുടെ ശ്രദ്ധയിൽ പ്പെടാത്തതിനാലാണെന്നും, ആയത് മനപ്പൂർവ്വമായ വീഴ്ചയല്ല എന്നും അറിയിക്കുന്നു. |
| 2 | 2 | നികുതി വകുപ്പ് | 2012 ജൂൺ 30-ലെ സർക്കാർ ഉത്തരവ് മുഖേന മെഡിക്കൽ സെസ്സ് ഈടാക്കാൻ സർക്കാർ തീരുമാനിച്ച വിവരം കമ്പനിക്ക് അറിവുണ്ടായിരിന്നിട്ടും 28-7-2012-ൽ പ്രസിദ്ധപ്പെടുത്തിയ 2012-ലെ കേരള ധനകാര്യ ആക്ടിന്റെ വിജ്ഞാപനത്തിന് ശേഷം മാത്രമാണ് മെഡിക്കൽ സെസ്സ് ഈടാക്കുന്നതിനുള്ള നടപടി കമ്പനി സ്വീകരിച്ചിട്ടുള്ളതെന്നാണ് സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചത്. | |
| 3 | 3 | നികുതി വകുപ്പ് | 2012 ജൂൺ 30-ലെ സർക്കാർ ഉത്തരവിൽ മെഡിക്കൽ സെസ്സ് പ്രാബല്യത്തിൽ വരുത്തേണ്ട തീയതിയെ സംബന്ധിച്ച് വ്യക്തത ഇല്ലായിരുന്നുവെന്ന കമ്പനിയുടെ വാദം അംഗീകരിക്കാൻ കഴിയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി , സർക്കാർ ഉത്തരവിലെ അവ്യക്തത നീക്കികിട്ടുന്നതിനായി കമ്പനി നടപടി | സർക്കാർ ഉത്തരവുകൾ നടപ്പിൽ വരുത്തുന്നതിൽ അലംഭാവം പാടില്ലെന്നും, സർക്കാർ ഉത്തരവുകൾക്ക് അതീവ പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധകാന്തി കാണിയ്ക്കണമെന്നും |

| | | | | |
|---|---|---|---|---|
| | | | സ്വീകരിച്ചതായി കാണുന്നില്ലെന്നും, സമയബന്ധിതമായും കൃത്യതയോടും നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ ₹0.42 കോടിയുടെ അധിക ചെലവ് ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നും നിരീക്ഷിച്ചു. സർക്കാർ ഉത്തരവുകൾ നടപ്പിൽ വരുത്തുന്നതിനുള്ള അലംഭാവം ഒട്ടും ആശാസ്യമല്ലെന്ന് ചൂണ്ടിക്കാണിച്ച സമിതി , സർക്കാർ ഉത്തരവുകൾക്ക് അതീവ പ്രധാന്യം നൽകി സമയബന്ധിതമായി നടപ്പിലാക്കാൻ ശുഷ്കാന്തി കാണിക്കണമെന്നും ഉത്തരവുകൾ നടപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്ന പ്രവണത ഭാവിയിൽ ആവർത്തിക്കരുതെന്നും നിർദ്ദേശിക്കുന്നു. | സംസ്ഥാന ബിവറേജസ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 4 | 4 | നികുതി വകുപ്പ് | സർക്കാരിന്റെ വരുമാനമാർഗ്ഗമായ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ വ്യക്തവും സംശയലേശമന്യേയുള്ളതും ആയിരിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടുന്നതോടൊപ്പം, ഭാവിയിൽ ഇപ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ആയതിൽ വ്യക്തതയും കൃത്യതയും ഉണ്ടാകുവാൻ അത്യന്തം ശ്രദ്ധ പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | ഭാവിയിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ വ്യക്തതയും കൃത്യതയും ഉണ്ടാകുവാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിക്കുന്നു. |

***<u>അഭിപ്രായക്കുറിപ്പ്:</u>***

*മദ്യവിൽപ്പനയിൽ ഏർപ്പെടുത്തിയ 1% മെഡിക്കൽ സെസ്സ് ഈടാക്കുന്നതിന് കാലതാമസം വന്നത് 2012 ജൂൺ 20-ലെ സർക്കാർ ഉത്തരവ് ശ്രദ്ധയിൽ പ്പെടാത്തതുകൊണ്ടാണെന്നുള്ള വകുപ്പിന്റെ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് മറുപടി പറയുന്നത് ഒട്ടും ആശാസ്യമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു.*

**ഇ.ചന്ദ്രശേഖരൻ**

ചെയർമാൻ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി

തിരുവനന്തപുരം,

[illegible]...[illegible]...2024